പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 1026

20.03..2012 -ൽ
മറുപടിയ്ക്ക്

## സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം

*ചോദ്യം*

ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ശ്രീ. റ്റി. വി. രാജേഷ്
ശ്രീ. എ. പ്രദീപ് കുമാർ
ശ്രീ. കോലിയക്കോട് എൻ.കൃഷ്ണൻ നായർ

*ഉത്തരം*

ശ്രീ. പി.കെ.അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളിലെ വിദ്യാഭ്യാസ നിലവാരം വിലയിരുത്തുകയുണ്ടായോ; എങ്കിൽ വിലയിരുത്തലുകൾ വിശദമാക്കുമോ;

(എ) വിലയിരുത്തുകയുണ്ടായി.
സംസ്ഥാനത്തെ ചില സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടേയും മറ്റു ജീവനക്കാരുടേയും കാര്യത്തിൽ AICTE നിഷ്ക്കർഷിക്കുന്ന സേവന-വേതന വ്യവസ്ഥകൾ പാലിക്കുന്നില്ലെന്നും യോഗ്യതയുള്ള അദ്ധ്യാപകരുടെ എണ്ണം AICTE മാനദണ്ഡപ്രകാരം ഇല്ലെന്നും ഇത് സംബന്ധിച്ച് അന്വേഷണം നടത്തിയ കമ്മിറ്റി വിലയിരുത്തുകയുണ്ടായി. ചില എഞ്ചിനീയറിംഗ് കോളേജുകളിൽ ഭൗതീക സൗകര്യങ്ങളുടെ അപര്യാപ്തതയുള്ളതായും കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ നിയോഗിച്ച രാമചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിലെ ഇതു സംബന്ധമായ നിഗമനങ്ങൾ വിശദമാക്കുമോ;

(ബി) ഈ വകുപ്പിൽ നിന്നും രാമചന്ദ്രൻ കമ്മിറ്റിയെ നിയമിച്ചിട്ടില്ല. സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അധ്യാപകരുടെ യോഗ്യത, വേതനം, സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരിശോധിക്കുന്നതിനായി ഡോ.എൻ.വിജയകുമാർ കൺവീനറായി സർക്കാർ ഒരു ഇൻസ്പെക്ഷൻ കമ്മിറ്റി രൂപീകരിച്ചിരുന്നു. പ്രസ്തുത കമ്മിറ്റിയുടെ വിലയിരുത്തലുകൾ ഉത്തരം (എ) യിൽ

| | | | |
|---|---|---|---|
| (സി) | കോളേജ് മാനേജ്മെന്റുകൾ വ്യവസ്ഥാപിതമായ സേവന-വേതന വ്യവസ്ഥകളിൽ അദ്ധ്യാപകരെയും മറ്റു ജീവനക്കാരെയും കോളേജുകളിൽ നിയമിക്കുന്നില്ലെന്ന ആക്ഷേപം പരിഗണിച്ചിട്ടുണ്ടോ; എ.ഐ.സി.ടി.ഇ. യുടെ എന്തെല്ലാം വ്യവസ്ഥകളാണ് സ്വകാര്യ എൻജിനീയറിംഗ് കോളേജുകൾ പൊതുവിൽ പാലിക്കാതിരിക്കുന്നതെന്നു പരിശോധിച്ചിട്ടുണ്ടോ; | (സി) | പരിഗണിച്ചിട്ടുണ്ട്.<br>പല സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളും അദ്ധ്യാപകർക്ക് AICTE നിഷ്ക്കർഷിക്കുന്ന ശമ്പളം നൽകുന്നില്ല, അദ്ധ്യാപകർക്ക് AICTE നിഷ്ക്കർഷിക്കുന്ന യോഗ്യതകൾ ഇല്ല. |
| (ഡി) | ഏതെങ്കിലും സ്വാശ്രയ കോളേജുകളിലെ പരീക്ഷയിൽ കോപ്പിയടി നടന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായോ? | (ഡി) | യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ